പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 499** 29-1-2019 ൽ മറുപടിക്ക്

# കേരള ആട്ടോമൊബൈൽസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. വിൻസെന്റ്** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ കരകയറ്റുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) 2017-18 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ കേരള ആട്ടോമൊബൈൽസിന് ISRO-യ്ക്ക് വേണ്ടി ജോബ് വർക്കുകൾ ചെയ്ത് കൊടുക്കുന്ന കരാറുകൾ അധികമായി സമാഹരിക്കുന്നതിനും അതുവഴി കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി പ്ലാന്റ് നവീകരണത്തിന് 7 കോടി രൂപ അനുവദിച്ചു. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കൂടുതൽ മെഷീനറികൾ സ്ഥാപിച്ചു കൊണ്ടുള്ള പ്ലാന്റ് നവീകരണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആയതിന്റെ ജോലികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ 350 ലക്ഷം രൂപ പ്രവർത്തന മൂലധനമായി കമ്പനിക്കു നൽകിയിട്ടുണ്ട്.<br>കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് പുതുതായി ആരംഭിച്ച പദ്ധതിയാണ് ഇലക്ട്രിക് ആട്ടോറിക്ഷ ഉൽപ്പാദനം. ഇതിനായി മൊത്തം 50 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 10 കോടി രൂപ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രോട്ടോ ടൈപ്പ് |

| | | | |
|---|---|---|---|
| | | | മോഡൽ ഉൽപ്പാദിപ്പിച്ച് അതിന്റെ പരീക്ഷണ ഓട്ടം നടന്നുവരികയാണ്. |
| (ബി) | പ്രസ്തുത കമ്പനി ഇ-ആട്ടോകൾ വിപണിയിൽ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. |
| (സി) | ഇതിന് സി.എം.വി.ആർ. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (സി) | ഇ-ആട്ടോറിക്ഷകൾ വിപണിയിൽ ഇറക്കുന്നതിനുവേണ്ടി സി.എം.വി.ആർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ഇ-ആട്ടോകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം എപ്രകാരമാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത ഇ-ആട്ടോകൾ ചാർജ് ചെയ്യുന്നതിനുവേണ്ടി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. എന്നിരുന്നാലും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ നിർദ്ദിഷ്ട ഇ-ആട്ടോകൾ വീട്ടുകളിൽ തന്നെ ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന സംവിധാനവും കൂടി ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ